ചില അപാകതകൾ പരിഹരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് അധികാരികളെ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സ്പെഷ്യൽ അഫോറസ്റ്റേഷൻ & നോഡൽ ഓഫീസർ) തിരുവനന്തപുരം എഫ്.സി 2-3714/10 തീയതി 24-5-2010-ലെ കത്ത് പ്രകാരം അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ നടപടികൾ തുടർന്നു വരുന്നുണ്ട്.

ഫോറസ്റ്റ് ഗാർഡിനെ ആക്രമിച്ച സംഭവം

135 (4488) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേവദാസ് എന്ന ഫോറസ്റ്റ് ഗാർഡിനെ കോഴിക്കോട് വച്ച് തന്റെ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന അവസരത്തിൽ വെടിവെച്ചുകൊന്നതിൽ ഉൾപ്പെട്ട പ്രതികളെ എല്ലാവരേയും കസ്റ്റഡിയിൽ എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രതികളിൽ ആരെങ്കിലും മുമ്പ് വനം വകുപ്പുമായി ബന്ധപ്പെട്ട കുറ്റകൃത്യത്തിൽ പ്രതിയായിരുന്നോ ; എങ്കിൽ ആര് ; ഏത് കേസ് എന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരം ആക്രമണങ്ങൾ തടയുവാൻ വനപാലകർക്ക് കൂടുതൽ ആയുധങ്ങൾ നൽകുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) കൊച്ചുമ്മദ് എന്ന പ്രതിയെ പോലീസ് അറസ്റ്റ് ചെയ്യുകയും പിന്നീട് റിമാന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ പ്രതി മുമ്പ് വനം വകുപ്പുമായി ബന്ധപ്പെട്ട കുറ്റകൃത്യത്തിൽ പ്രതിയായിട്ടില്ല.

(സി) പരിഗണിച്ചു വരുന്നു.

വനപാലകരുടെ ശമ്പളപരിഷ്ക്കരണം

136 (4489) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വനം വകുപ്പിലെ വനപാലകരുടെ സേവന-വേതന വ്യവസ്ഥകൾ 2006-ൽ നിശ്ചയിച്ചപ്പോൾ പോലീസ് ഡിപ്പാർട്ടുമെന്റിലെ സമാന തസ്തികകളിലുള്ളവരുമായി ഉണ്ടായിരുന്ന ശമ്പള തുല്യത നഷ്ടപ്പെട്ടതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിരുന്നോ ; ഇതു പരിഹരിക്കുന്നത് സംബന്ധിച്ച് വനപാലകരുടെ സംഘടനകൾ നൽകിയ പരാതികൾ പരിഹരിക്കാൻ കഴിഞ്ഞ നാല് വർഷമായി കഴിയാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ ശമ്പള പരിഷ്ക്കരണത്തിനുശേഷം വിവിധ വകുപ്പുകളിലെ യൂണിഫോംഡ് സ്റ്റാഫിന്റെ യൂണിഫോം അലവൻസുകൾ വർദ്ധിപ്പിച്ച്

LIBRARY ARCHIVES Kerala Legislative Assembly

നൽകിയപ്പോഴും വനപാലകർക്ക് അത് നിഷേധിച്ചതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) 2006-ലെ ശമ്പള കമ്മീഷൻ റിപ്പോർട്ടുമൂലം വനപാലകരുടെ ശമ്പള ഘടനയിലും അലവൻസുകളുടെ ഘടനയിലും പോലീസുമായുണ്ടായിരുന്ന തുല്യത പുനഃസ്ഥാപിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) വനം പരിസ്ഥിതി സംരക്ഷണത്തിന് വളരെയേറെ വെല്ലുവിളികൾ നേരിടുന്ന സാഹചര്യത്തിൽ വനസംരക്ഷണ ജീവനക്കാർക്ക് പ്രത്യേക ശമ്പളസ്കെയിലും അലവൻസുകളും പുതിയ ശമ്പള കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(ഇ) വനപാലകരുടെ ജോലിയുടെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിലും വനവിസ്തൃതിക്കനുസൃതമായും സ്റ്റാഫ് പാറ്റേൺ ശാസ്ത്രീയമായി പുതുക്കി നിശ്ചയിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ജി.ഒ.(പി) 145/2006/ഫിൻ തീയതി 25-3-2006 പ്രകാരം സേവന-വേതന വ്യവസ്ഥകൾ പരിഷ്ക്കരിച്ചപ്പോൾ ഫോറസ്റ്റ് ഗാർഡ്, ഫോറസ്റ്റർ, ഡെപ്യൂട്ടി റെയിഞ്ചർ എന്നീ തസ്തികകൾക്ക് യഥാക്രമം പോലീസ് വകുപ്പിലെ കോൺസ്റ്റബിൾ, ഹെഡ്കോൺസ്റ്റബിൾ, അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ എന്നീ തസ്തികകളുമായി ശമ്പള സ്കെയിലിലും ആനുകൂല്യങ്ങളിലും അതുവരെ നിലനിന്നിരുന്ന തുല്യത നഷ്ടപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് വനപാലകരുടെ സംഘടന നൽകിയ പരാതി കൂടി പരിഗണിച്ച് ജി.ഒ. (എം.എസ്.) 11/2010/വനം തീയതി 20-4-2010 പ്രകാരം ഫോറസ്റ്റ് റെയിഞ്ചർ, ഡെപ്യൂട്ടി റെയിഞ്ചർ, ഫോറസ്റ്റർ, ഫോറസ്റ്റ് ഗാർഡ്, ഫോറസ്റ്റ് വാച്ചർ എന്നീ തസ്തികകൾക്ക് പോലീസ് വകുപ്പിലെ സമാന വിഭാഗങ്ങളുടേതിന് തുല്യമായ നിരക്കിൽ യൂണിഫോം അലവൻസ് വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. ശമ്പള സ്കെയിലിലെയും മറ്റ് അലവൻസുകളിലേയും വ്യത്യാസം സംബന്ധിച്ച കാര്യം ശമ്പള കമ്മീഷന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

(ബി) 2006 ലെ ശമ്പള പരിഷ്ക്കരണത്തിന് ശേഷം ജി.ഒ. (എംഎസ്)11/2010/വനം തീയതി 20-4-2010 പ്രകാരം വനപാലകരുടെ യൂണിഫോം അലവൻസ് വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്.

(സി) 2006 ലെ ശമ്പള പരിഷ്ക്കരണ ഉത്തരവിനെ തുടർന്ന് വനപാലകരുടെ ശമ്പള ഘടനയിലും അലവൻസുകളിലും പോലീസ് വകുപ്പിലെ സമാന തസ്തികകളുമായുണ്ടായ വ്യത്യാസം ശമ്പള പരിഷ്ക്കരണ കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(ഡി) ശമ്പള കമ്മീഷന്റെ പൊതുവായ ടേംസ് ഓഫ് റഫറൻസ് നിശ്ചയിച്ച് കഴിഞ്ഞു എങ്കിലും വന സംരക്ഷണ ജീവനക്കാർക്ക് സാധ്യമായിടത്തോളം പോലീസ് സേനയ്ക്ക് സമാനമായ സേവന-വേതന ഘടന ഉറപ്പു വരുത്തുന്നത് സംബന്ധിച്ച നിവേദനം ശമ്പള കമ്മീഷന്റെ പരിഗണനയ്ക്കായി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പുതിയ റെയിഞ്ചുകളോ ഡിവിഷനുകളോ രൂപീകരിക്കുമ്പോഴും പ്രത്യേക പ്രോജക്ടുകൾ നടപ്പാക്കേണ്ടി വരുമ്പോഴും സ്റ്റാഫ് വിന്യാസത്തിൽ ആവശ്യമായ ക്രമീകരണങ്ങൾ നടത്താറുണ്ട്. കൂടാതെ ഇക്കാര്യംകൂടി പരിഗണനാ വിഷയമായി നിശ്ചയിച്ച് ജി.ഒ. (എം.എസ്.) 22/2010/വനം തീയതി 21-5-2010 പ്രകാരം ഒരു വിദഗ്ദ്ധ സമിതിയേയും സർക്കാർ നിശ്ചയിച്ചിട്ടുണ്ട്.

കോടശ്ശേരി പഞ്ചായത്തിലെ വനം വകുപ്പ് നെഴ്സറി തൊഴിലാളികളുടെ പ്രശ്നങ്ങൾ

137 (4490) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ വനംവകുപ്പിന്റെ പട്ടിക്കുളത്തെ നെഴ്സറിയിൽ എത്ര തൊഴിലാളികൾ പണിയെടുക്കുന്നു ;

(ബി) ഈ തൊഴിലാളികൾക്ക് മെഡിക്കൽ ഇൻഷ്വറൻസ് ഉൾപ്പെടെയുള്ള ന്യായമായ പരിരക്ഷകൾ ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ;

(സി) ഇവരുടെ കൂലി വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത തൊഴിലാളികളെ സ്ഥിരപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സെൻട്രൽ നെഴ്സറിയിലെ ജോലികൾ സീസണൽ വർക്കായതിനാൽ തൊഴിലാളികളുടെ എണ്ണം കൃത്യമായി കണക്കാക്കുവാനാവില്ല. ജോലി ഏറ്റവും കൂടുതലുള്ളപ്പോൾ 30-നും-35 നുമിടയിൽ തൊഴിലാളികൾ പണിയെടുക്കാറുണ്ട്. സാധാരണയായി അഞ്ചോളം തൊഴിലാളികളാണ് ഇവിടെ ജോലി ചെയ്യുന്നത്. ആവശ്യകതയനുസരിച്ച് തൊഴിലാളി യൂണിയനുകളോട് അറിയിക്കുകയും അവർ തൊഴിലാളികളെ അയയ്ക്കുകയുമാണ് പതിവ്.

(ബി) തൊഴിലാളികൾ എല്ലാം ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരാണ്. ആയതിനാൽ ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) വനം വകുപ്പിൽ നിലവിലുള്ള നിരക്കിലാണ് ഇവർക്ക് കൂലി കൊടുക്കുന്നത്. ഇത് പുതുക്കി നിശ്ചയിക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(ഡി) സ്ഥിരമായി ചെയ്യേണ്ട ജോലികളൊന്നുമില്ലാത്തതിനാൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നത് പ്രായോഗികമല്ല.

ആനക്കാംപൊയിൽ ഫോറസ്റ്റ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കാൻ നടപടി

138 (4491) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആനക്കാംപൊയിൽ ഫോറസ്റ്റ് സ്റ്റേഷൻ കെട്ടിടം ഉപയോഗയോഗ്യമില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ, ഫോറസ്റ്റ് സ്റ്റേഷന് പുതിയ കെട്ടിടം

LIBRARY ARCHIVES Kerala Legislative Assembly